**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *528 **24.07.2015** ലെ മറുപടിക്ക്

## ഗാന്ധിഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ ഗാന്ധിഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 12 പട്ടികജാതി കോളനികളിൽ 'ഗാന്ധിഗ്രാമം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കോളനികളുടെ അടിസ്ഥാന സൗകര്യവികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ചുവടെ പറയുന്ന പ്രവൃത്തികളിൽ നിന്നും കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു :<br>1. കോളനിക്കുള്ളിലെ റോഡ് / നടപ്പാതയുടെ നിർമ്മാണം<br>2. ഡ്രെയിനേജ് സൗകര്യങ്ങൾ<br>3. കുടിവെള്ള പദ്ധതികൾ<br>4. വൈദ്യുതീകരണം<br>5. ബയോഗ്യാസ് പ്ലാന്റ്<br>6. കമ്മ്യൂണിറ്റി ഹാൾ / ഓഡിറ്റോറിയം<br>7. കോമ്പൗണ്ട് വാൾ |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 30.09.2014 ലെ സ.ഉ.(കൈ) 70/2014/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ₹11,58,73,819/- (പതിനൊന്ന് കോടി അൻപത്തെട്ടു ലക്ഷത്തി എഴുപത്തിമൂവായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ) യുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട കോളനികളും നിർവ്വഹണ ഏജൻസികളും ഓരോ കോളനിയ്ക്കും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.<br>എസ്റ്റിമേറ്റ് തുകയുടെ 25% നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി വിതരണം നടത്തുന്നതിന് 19.11.2014-ലെ സ.ഉ (കൈ) നം. 83/2014/പജപവവിവ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തെരഞ്ഞെടുത്ത സർക്കാർ അക്രഡിറ്റഡ് ഏജൻസികളുമായി ധാരണാപത്രം ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | ജില്ല | കോളനി | ആവശ്യമായ തുക (രൂപ) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1. | കൊല്ലം | കുറുമ്പകര പട്ടികജാതി കോളനി | 85,30,700 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) |
| 2. | പത്തനംതിട്ട | പാണ്ടി മലപ്പുറം എസ്. സി. കോളനി | 88,53,736 | |
| 3. | ആലപ്പുഴ | കണിയന്തറ എസ്. സി. കോളനി | 1,00,00,000 | |
| 4. | കോട്ടയം | കോരിക്കൽ പഴംപെട്ടി അംബേദ്കർ ലക്ഷം വീട് കോളനി | 1,00,00,000 | |
| 5. | ഇടുക്കി | ചില്ലിത്തോട് എസ്. സി. കോളനി | 1,00,00,000 | |
| 6. | എറണാകുളം | ചാക്കിയത്ത്മല എസ്. സി. കോളനി | 84,89,383 | |
| 7. | പാലക്കാട് | പൂക്കാടംകുന്ന് എസ്. സി. കോളനി | 1,00,00,000 | നിർമ്മിതി കേന്ദ്രം |
| 8. | മലപ്പുറം | ഗാന്ധിക്കുന്ന് എസ്. സി. കോളനി | 1,00,00,000 | SIDCO |
| 9. | കോഴിക്കോട് | തയ്യിൽ മീത്തൽ കോളനി | 1,00,00,000 | |
| 10. | വയനാട് | തേലമ്പറ്റ എസ്. സി. കോളനി | 1,00,00,000 | |
| 11. | കണ്ണൂർ | പാൽച്ചുരം എസ്. സി. കോളനി | 1,00,00,000 | |
| 12. | കാസർഗോഡ് | ഗോളിയടുക്ക എസ്. സി. കോളനി | 1,00,00,000 | |

സെക്ഷൻ ഓഫീസർ

10127
11/10/14

# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി വികസന വകുപ്പ് - 'ഗാന്ധിഗ്രാമം' പദ്ധതി - അംഗീകരിച്ചുകൊണ്ടും ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

## പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ. (കൈ)നം. 70/2014/പജപവവിവ. തീയതി, തിരുവനന്തപുരം, 30.09.2014

പരാമർശം: 1. സ.ഉ. (കൈ) 97/2013/പജപവവിവ. തീയതി 04.12.2013.

2. സ.ഉ. (സാധാ) 404/2014/പജപവവിവ. തീയതി 26.02.2014.

3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 06.05.2014 ലെ പി2-10619/13 നമ്പർ കത്ത്.

## ഉത്തരവ്

തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി 'ഗാന്ധിഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അനുമതി നൽകിയിരുന്നു. തുടർന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം(3) പ്രകാരം പദ്ധതിയുടെ വിശദമായ ശുപാർശ ലഭ്യമാക്കുകയുണ്ടായി. ഒരു കോളനിയ്ക്ക് ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി, സ.ഉ.(പി) 408/2008/ധന, തീയതി 07.09.2007, സ.ഉ.(പി)169/12/ധന, തീയതി 20.03.2012 ഉത്തരവുകൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT), ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്, സിഡ്കോ എന്നീ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി, നിർവ്വഹണ ഏജൻസികൾ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ ആകെ ചെലവ് ₹11,58,73,819/- ആണ്. എസ്റ്റിമേറ്റ് തുകയുടെ 25% അഡ്വാൻസായി നൽകുന്നതിനും തുടർന്ന് മൂന്ന് ഗഡുക്കളായി (40%, 25%, 10%) ശേഷിക്കുന്ന തുക അനുവദിക്കുന്നതിനും ഓരോ ഗഡുവിലും കൈപ്പറ്റിയ വിഹിതത്തിന്റെ 75% വിനിയോഗിച്ച് കഴിയുന്ന മുറയ്ക്ക് അടുത്ത ഗഡു വിതരണം ചെയ്യുന്നതിനും ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ടി പദ്ധതി പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ പ്രധാനമായും ചുവടെ പറയുന്നവയാണ്:

- കോളനികൾക്കുള്ളിലെ റോഡ് / നടപ്പാതയുടെ നിർമ്മാണം
- ഡ്രെയിനേജ് സൗകര്യങ്ങൾ
- കുടിവെള്ള പദ്ധതികൾ
- വൈദ്യുതീകരണം
- ബയോഗ്യാസ് പ്ലാന്റ്
- കമ്മ്യൂണിറ്റി ഹാൾ / ആഡിറ്റോറിയം
- കോമ്പൗണ്ട് വാൾ മുതലായവ.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അനുബന്ധമായി ചേർത്തിട്ടുള്ള 12 പട്ടികജാതി കോളനികളിൽ, തെരഞ്ഞെടുക്കപ്പെട്ട നിർവ്വഹണ ഏജൻസികൾ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പശ്ചാത്തല സൗകര്യവികസന പ്രവർത്തനങ്ങൾക്കായി 'ഗാന്ധിഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ₹11,58,73,819/- (പതിനൊന്ന് കോടി അൻപത്തെട്ട് ലക്ഷത്തി എഴുപത്തിമൂവായിരത്തി എണ്ണൂറ്റിപത്തൊൻപത് രൂപ)യുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ടെണ്ടർ / ഇ-ടെണ്ടർ നടപടിക്രമങ്ങൾ, ആവശ്യമുള്ളിടത്ത്, പാലിക്കേണ്ടതാണ്
- സ്റ്റോർസ് പർച്ചേസ് റൂൾസ് കൃത്യമായും പാലിക്കേണ്ടതാണ്.
- CPWD Schedule of Rates പ്രകാരമായിരിക്കണം മരാമത്ത് പണികൾ നടത്തേണ്ടത്.

4. ഇതിനു വേണ്ടിവരുന്ന തുക നടപ്പ് സാമ്പത്തിക വർഷത്തെ "2225-01-800-57 കോർപ്പസ് ഫണ്ട് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

5. ഓരോ കോളനിയിലും പദ്ധതി നടത്തിപ്പ് അവലോകനത്തിനും ഏകോപനത്തിനുമുള്ള സംവിധാനം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സജ്ജീകരിക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ സി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( U.O No.69527/ww3/14/Fin തീയതി 25.08.2014 പ്രകാരം)
ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ് (U.O No.14037/A2/14/Plg തീയതി 18.09.2014 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | ജില്ല | കോളനി | ആവശ്യമായ തുക (രൂപ) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1. | കൊല്ലം | കറുമ്പകര പട്ടികജാതി കോളനി | 85,30,700 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) |
| 2. | പത്തനംതിട്ട | പാണ്ടി മലപ്പുറം എസ്. സി. കോളനി | 88,53,736 | |
| 3. | ആലപ്പുഴ | കണിയന്തറ എസ്. സി. കോളനി | 1,00,00,000 | |
| 4. | കോട്ടയം | കോരിക്കൽ പഴംപെട്ടി അംബേദ്കർ ലക്ഷം വീട് കോളനി | 1,00,00,000 | |
| 5. | ഇടുക്കി | ചില്ലിത്തോട് എസ്. സി. കോളനി | 1,00,00,000 | |
| 6. | എറണാകുളം | ചാക്കിയത്ത്മല എസ്. സി. കോളനി | 84,89,383 | |
| 7. | പാലക്കാട് | പൂക്കാടംകന്ന് എസ്. സി. കോളനി | 1,00,00,000 | ജില്ലാനിർമ്മിതി കേന്ദ്രം, പാലക്കാട് |
| 8. | മലപ്പുറം | ഗാന്ധിക്കുന്ന് എസ്. സി. കോളനി | 1,00,00,000 | SIDCO |
| 9. | കോഴിക്കോട് | തയ്യിൽ മീത്തൽ കോളനി | 1,00,00,000 | |
| 10. | വയനാട് | തേലമ്പറ്റ എസ്. സി. കോളനി | 1,00,00,000 | |
| 11. | കണ്ണൂർ | പാൽച്ചുരം എസ്. സി. കോളനി | 1,00,00,000 | |
| 12. | കാസർഗോഡ് | ഗോളിയടുക്ക എസ്. സി. കോളനി | 1,00,00,000 | |

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

12367
22/11/14

കേരള സർക്കാർ
സംഗ്രഹം

പട്ടികജാതി വികസന വകുപ്പ് - തെരഞ്ഞെടുത്ത പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള 'ഗാന്ധിഗ്രാമം' പദ്ധതി- നിർവ്വഹണ ഏജൻസികൾക്ക് തുക മുൻകൂറായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്
സ.ഉ.(കൈ) നം.83/2014/പജപവവിവ          തിരുവനന്തപുരം, തീയതി 19.11.2014.

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 06/05/2014-ലെ പി2-10619/13 നമ്പർ കത്ത്.
2. സ.ഉ.(കൈ) നം. 70/2014/പജപവവിവ, തീയതി. 30/09/2014.

## ഉത്തരവ്

തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 'ഗാന്ധിഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം 11,58,73,819/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് എസ്റ്റിമേറ്റ് തുകയുടെ 25% അഡ്വാൻസ് നൽകുന്നതിന് അനുമതിക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 'ഗാന്ധിഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസികളുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് പദ്ധതി ചെലവിന്റെ 25% തുക മുൻകൂർ അനുവദിക്കുന്നതിനും ബാക്കി തുക, നിർവ്വഹണ ഏജൻസികൾ ബില്ലുകളും ബന്ധപ്പെട്ട രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് യഥാക്രമം 40%, 25%, 10% എന്നീ മൂന്ന് ഗഡുക്കളായി അനുവദിക്കുന്നതിനും ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ "2225-01-800-57 -കോർപ്പസ് ഫണ്ട് -(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

പദ്ധതി സമയബന്ധിതമായി ( പരമാവധി ഒരു വർഷത്തിനുള്ളിൽ) പൂർത്തിയാക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ.സി.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്സ് സെക്ടർ ആഡിറ്റ് ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പിന് (30/10/2014 ലെ യു.ഒ.85808/ww3/14/Fin പ്രകാരം
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ. & പിആർഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ